സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത്

122 (1199) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതു സംബന്ധിച്ച് പൊതുനയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എയ്ഡഡ് പദവി നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(സി) കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ജില്ലാടിസ്ഥാനത്തിൽ പേരുവിവരം ലഭ്യമാക്കുമോ;

(ഡി) എയ്ഡഡ് പദവി നൽകിയ സ്കൂളുകളിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; ഈ തസ്തികകളിലെ നിയമനം സംബന്ധിച്ച് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സർക്കാർ അംഗീകാരം നൽകാതെ ഏതെങ്കിലും സ്കൂൾ മാനേജ്മെന്റുകൾ നിയമനം നടത്തുകയുണ്ടായിട്ടുണ്ടോ; ഇങ്ങനെയുള്ള നിയമനത്തിന് പിന്നീട് സർക്കാർ അംഗീകാരം നൽകുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ എയ്ഡഡ് പദവി നൽകിയ സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ചതു വഴി എത്ര രൂക അധിക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി-എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും

123 (1200) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തെ രണ്ടാംഘട്ട പാഠപുസ്തക വിതരണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly